പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1426 20.01.2014 - ൽ മറുപടിക്ക്

## പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നവീകരണം കെ.എസ്.റ്റി.പി.യെ ഏൽപ്പിച്ചത് എന്നാണ്; | (എ) പുനലൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള സംസ്ഥാന പാതയിൽ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള സംസ്ഥാന പാത കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നവീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള പുനലൂർ മുതൽ പൊൻകുന്നം വരെയും, പൊൻകുന്നം മുതൽ തൊടുപുഴ വരെയുമുള്ള സംസ്ഥാനപാതകൾ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ ദേശീയപാതാ നിലവാരത്തിലുള്ള നിർമ്മാണം ഏതു ഘട്ടത്തിലാണ്; പുനലൂർ മുതൽ തൊടുപുഴ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണമെന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള സംസ്ഥാന പാതയുടെ നവീകരണ പ്രവൃത്തിയുടെ ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പൊതു സ്വകാര്യ പങ്കാളിത്ത (PPP) രീതിയിൽ വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേക്കുവേണ്ടി Transaction Advisory Consultants-നെ നിയോഗിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. പ്രസ്തുത പ്രവൃത്തികൾ പ്രോജക്ടിൽ പറയുന്ന പ്രകാരം നടത്തി വരുന്നു. കാലതാമസം ഉണ്ടായിട്ടില്ല. |

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ട്. ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത റോഡിന്റെ നവീകരണം നടത്തുന്നത്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയ്ക്ക് മൊത്തം 2403 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പ്രോജക്ടിൽപെടുന്ന പൊൻകുന്നം - തൊടുപുഴ റോഡിന്റെ നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ സൂക്ഷ്മ പരിശോധന അന്തിമ ഘട്ടത്തിലാണ്. ബാക്കിയുള്ള പുനലൂർ - പൊൻകുന്നം റോഡ് PPP Annuity Mode -ൽ ആണ് നിർമ്മാണം നടത്തുന്നത്. ഇതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വിവിധ നിയോജക മണ്ഡലങ്ങളിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലമെടുപ്പ് പൂർത്തിയാക്കാനുള്ളത്; എന്നത് സ്ഥലത്തിന്റെ വിശദാംശം സഹിതം ലഭ്യമാക്കുമോ;

(ഡി) പത്തനാപുരം, കോന്നി, ആറന്മുള, റാന്നി, കാഞ്ഞിരപ്പള്ളി പാലാ, തൊടുപുഴ നിയോജകമണ്ഡലങ്ങളിലായി താഴെപ്പറയുന്ന വില്ലേജുകളിൽ നിന്ന് വിട്ടുപോയ ബാക്കി സ്ഥലങ്ങൾകൂടി ഏറ്റെടുക്കാനുണ്ട്:-

| ക്രമ നമ്പർ | വില്ലേജ് | വസ്തുവിന്റെ എണ്ണം | വിസ്തീർണ്ണം (ആർ) |
|---|---|---|---|
| 1 | പത്തനാപുരം | 4 | 0.73 |
| 2 | കലഞ്ഞൂർ | 6 | 2.07 |
| 3 | കൂടൽ | 4 | 3.23 |
| 4 | വള്ളിക്കോട് കോട്ടയം | 2 | 0.58 |
| 5 | കോന്നി | 6 | 1.91 |
| 6 | റാന്നി | 14 | 6.67 |
| 7 | പഴവങ്ങാടി | 3 | 14.4 |
| 8 | ചേത്തക്കൽ | 16 | 6.06 |
| 9 | അരുവാപ്പുലം | 1 | 0.05 |
| 10 | മൈലപ്ര | 8 | 5.96 |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത റോഡിന്റെ പൊൻകുന്നം മുതൽ തൊട്ടുപുഴ വരെ നിർമ്മാണ പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കാമോ; | (ഇ) | പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള നിർമ്മാണ പ്രവൃത്തിക്ക് 262 കോടി രൂപയാണ് കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ടെണ്ടറുകൾ ലഭിച്ചു കഴിഞ്ഞു. ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. |
| (എഫ്) | പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ വികസിപ്പിക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേയ്ക്ക് വേണ്ടി Transaction Advisor നെ നിയോഗിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. |

Salitha

സെക്ഷൻ ഓഫീസർ